(എഫ്) ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന കേരള താരങ്ങൾക്ക് വേണ്ട വിദഗ്ധ പരിശീലനം നൽകുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സ്പോർട്സ് മേഖലയുടെ വികസനം

26 (*86) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്ട്സ് മേഖലയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സ്പോർട്ട്സ് കമ്മീഷന്റെ ഏതെല്ലാം ശുപാർശകൾ ഈ വർഷം നടപ്പാക്കുമെന്ന് വെളിപ്പെടുത്തുമോ ?

(സി) സംസ്ഥാനത്ത് കായിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) സ്പോർട്ട്സ് ക്വാട്ട നിയമനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പ്മന്ത്രി (ശ്രീ. എം. വിജയകുമാർ) :

ഉത്തരം

(എ) സ്പോർട്ട്സ് മേഖലയുടെ അടിസ്ഥാനവികസനത്തിന് ലക്ഷ്യമിട്ടു കൊണ്ടുള്ള 2000-ലെ കേരള സ്പോർട്ട്സ് ആക്ട് പ്രകാരം സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകൾ നിലവിൽവന്നുകഴിഞ്ഞു. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കൗൺസിലുകളും രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. പഞ്ചായത്തുകളുടേയും മറ്റ് സ്ഥാപനങ്ങുടെയും നിലവിലുള്ള കളി സ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കാർ ധനസഹായം നൽകിവരുന്നു. ഈ ഇനത്തിൽ ഈ സർക്കാർ സ്പോർട്സ് കൗൺസിൽ മുഖേന 17,89,60,689 രൂപയും കായിക യുവജനകാര്യ ഡയറക്ടർ മുഖേന 9.5 കോടി രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്പോർട്സ് രംഗത്തെ വികസനം ലക്ഷ്യമാക്കി ഒരു സ്പോർട്സ് കമ്മീഷനെ നിയോഗിക്കുകയും 69 ശുപാർശകളടങ്ങുന്ന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അത് പരിശോധിച്ചു വരികയുമാണ്. ഇവ കൂടാതെ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി വിഷൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യ, ആരോഗ്യകായിക വിദ്യാഭ്യാസ പദ്ധതി, പഞ്ചായത്ത് യുവ ക്രീഡ ഔർ ഖേർ അഭിയാൻ പദ്ധതി എന്നിവ ഫലപ്രദമായി നടപ്പിലാക്കി വരുന്നു. മലപ്പുറത്ത് ഒരു ഫുട്ബോൾ അക്കാഡമി, തലശ്ശേരിയിൽ ഒരു സർക്കസ് അക്കാഡമി, വയനാട്ടിൽ ഒരു ആർച്ചറി അക്കാഡമി, ചടയ മംഗലത്ത് ഒരു വനിതാ സ്പോർട്ട്സ് അക്കാഡമി, പിരപ്പൻകോട് നീന്തൽ സമുച്ചയം, ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം, മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. 35-ാം ദേശീയ ഗെയിംസിനോടനുബന്ധിച്ച് സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 18 സ്ഥലങ്ങളിൽ 33 നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ദേശം 400 കോടി രൂപ ചെലവിൽ സ്റ്റേഡിയങ്ങളുടെ നവീകരണ പ്രവർത്തനങ്ങളും പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് മുഖേന നടത്തുന്നുണ്ട്. ഇതിനെല്ലാം പുറമേ 2010 കായിക വർഷമായി ആചരിക്കുന്നതിന് തീരുമാനിക്കുകയും അതോടനുബന്ധിച്ച് നടപ്പാക്കാനായി ഒരു സ്പോർട്സ് കലണ്ടറിന് അംഗീകാരം നൽകുകയും ആയവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 69 ശുപാർശകളടങ്ങുന്ന സ്പോർട്സ് കമ്മീഷൻ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. താഴെ പറയുന്ന ശുപാർശകളാണ് ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് :

1. ആരോഗ്യ-കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അതുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങളും.
2. കായിക സർവ്വകലാശാല സ്ഥാപിക്കുക
3. സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് ഏർപ്പെടുത്തുക
4. സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി
5. മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ അന്തർദേശീയ നിലവാരത്തിൽ ഉയർത്തുന്നത്.
6. സംസ്ഥാന സ്കൂൾ കായിക മേളയുടെ പുനഃക്രമീകരണം.

(സി&ഡി) സംസ്ഥാന കായിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് ഒരു പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിന് സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ സ്ഥാപക ഡയറക്ടർ ജനറലായ ശ്രീ. എ. കെ. പാണ്ഡ്യയെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രഗത്ഭ കായിക താരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന സ്പോർട്സ് ക്വാട്ടാ പദ്ധതി പ്രകാരം പ്രതിവർഷം 20 ഒഴിവുകളിലേക്ക് നിയമനം നൽകിവരുന്നു. കൂടുതൽ കായിക താരങ്ങൾക്ക് അവസരം നൽകുന്നതിന്റെ ഭാഗമായി 2009

മുതൽ 50 പേർക്ക് പ്രതിവർഷം നിയമനം നൽകാൻ ഉത്തരവായിട്ടുണ്ട്. ഇതിനും പുറമേ സംസ്ഥാന പോലീസിൽ സ്പോർട്സ് കാട്ട നിയമനം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി.

ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതികൾ

27 (*87) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. അജിത് :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള എത്ര പദ്ധതികൾ സംസ്ഥാനത്ത് ഇപ്പോൾ നടപ്പാക്കിവരുന്നുണ്ട് ; ഇവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് സ്കൂളുകളിൽ ഔഷധ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതികളുണ്ടോ ; എങ്കിൽ എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ ;

(സി) നടപ്പാക്കിയ സ്കൂളുകളിൽ ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര ഔഷധ ബോർഡിൽ നിന്നും എത്ര തുക ചെലവഴിച്ചു ; ഇതിൽ ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

ഉത്തരം

(എ) ഔഷധ സസ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഔഷധ സസ്യബോർഡ് വീട്ടുവളപ്പിലും പറമ്പിലും ഔഷധ സസ്യങ്ങൾ കൃഷിചെയ്യുന്നതിനായി ദേശീയ ഔഷധ സസ്യബോർഡിൽ നിന്നും 2002 മുതൽ സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. 2002-08 കാലയളവിൽ 104 പദ്ധതികളിലായി 138 ലക്ഷം രൂപ സാമ്പത്തിക സഹായമായി നൽകിയിട്ടുണ്ട്. ഇതിൽ കൂടി 2000-ൽപ്പരം ഏക്കർ സ്ഥലത്ത് ഔഷധകൃഷി ഇടവിളയായും തനിവിളയായും വ്യാപിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ 2008 മുതൽ മേൽ പദ്ധതി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ഇതു കൂടാതെ സ്കൂളുകളിലും തെരഞ്ഞടുക്കപ്പെട്ട ഗവൺമെന്റ് ഓഫീസുകളിലും ആയുർവേദ ആശുപത്രികളിലും ഔഷധച്ചെടികൾ വെച്ചുപിടിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഔഷധസസ്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി 2005-06 അധ്യായനവർഷം മുതൽ

LIBRARY ARCHIVES Kerala Legislative Assembly